## സംസ്ഥാന ഊർജ്ജസംരക്ഷണ അവാർഡ് 2019

## അപേക്ഷകൾ ക്ഷണിക്കുന്നു

എനർജി മാനേജ്മെന്റ് സെന്ററിന്റെ നേതൃത്വത്തിൽ, ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി കേരള സർക്കാർ ഏർപ്പെടുത്തിയ ഊർജ്ജസംരക്ഷണ അവാർഡിന് അപേക്ഷകൾ ക്ഷണിക്കുന്നു. 2018-19 സാമ്പത്തിക വർഷത്തെ പ്രവർത്തനങ്ങളാണ് പ്രധാനമായും അവാർഡിനായി പരിഗണിക്കുന്നത്. താഴെപ്പറയുന്ന ആറ് വിഭാഗങ്ങളിലായാണ് അപേക്ഷകൾ ക്ഷണിക്കുന്നത്.

- വൻകിട ഊർജ്ജ ഉപഭോക്താക്കൾ - വൻകിട വ്യവസായങ്ങൾ ഉൾപ്പെടെ വർഷത്തിൽ 1000 ടൺ എണ്ണക്ക് മുകളിലോ, തത്തുല്യമായ വൈദ്യുതിയോ മറ്റ് ഇന്ധനങ്ങളോ ഉപയോഗിക്കുന്ന ഉപഭോക്താക്കൾ.

- ഇടത്തരം ഊർജ്ജ ഉപഭോക്താക്കൾ - വൻകിട - ഇടത്തരം വ്യവസായങ്ങൾ ഉൾപ്പെടെ വർഷത്തിൽ 150 മുതൽ 1000 ടൺ എണ്ണക്ക് തുല്യമായ വൈദ്യുതിയോ മറ്റ് ഇന്ധനങ്ങളോ ഉപയോഗിക്കുന്ന ഉപഭോക്താക്കൾ.

- ചെറുകിട ഊർജ്ജ ഉപഭോക്താക്കൾ - ചെറുകിട വ്യവസായങ്ങൾ ഉൾപ്പെടെ വർഷത്തിൽ 150 ടൺ എണ്ണക്ക് താഴെയോ, തത്തുല്യമായ വൈദ്യുതിയോ മറ്റ് ഇന്ധനങ്ങളോ ഉപയോഗിക്കുന്നവർ.

- കെട്ടിടങ്ങൾ - ഊർജ്ജസംരക്ഷണ പദ്ധതികൾ/പരിപാടികൾ നടപ്പിലാക്കിയ പൊതു/വാണിജ്യ കെട്ടിടങ്ങൾ, ഹോട്ടലുകൾ, ആശുപത്രികൾ എന്നിവ.

- വ്യക്തികൾ - ഊർജ്ജസംരക്ഷണ പ്രോത്സാഹകർ, ഊർജ്ജസംരക്ഷണ മേഖലയിൽ നൂതന ആശയങ്ങൾ പ്രചരിപ്പിക്കുകയും വികസിപ്പിക്കുകയും ചെയ്യുന്ന വ്യക്തികൾ ഇതിൽപെടുന്നു.

- സംഘടനകളും സ്ഥാപനങ്ങളും - തദ്ദേശ സ്ഥാപനങ്ങൾ, സർക്കാരിതര സംഘടനകൾ, ഗവേഷണവും നൂതനാശയങ്ങളും വികസിപ്പിക്കുന്ന സംഘടനകൾ, ബി.ഇ.ഇ സ്റ്റാർ ലേബലുകളുള്ള ഉപകരണങ്ങളുടെ നിർമ്മാതാക്കൾ, വിവിധ റേറ്റിംഗുകളുള്ള കെട്ടിടങ്ങൾ ഡിസൈൻ ചെയ്യുന്നവർ, നിർമ്മിക്കുന്നവർ എന്നിവർ ഈ വിഭാഗത്തിൽപ്പെടുന്നു.

അവാർഡുകൾ ദേശീയ ഊർജ്ജ സംരക്ഷണ ദിനമായ 2019 ഡിസംബർ 14-ന് നൽകുന്നതായിരിക്കും. അപേക്ഷാഫോറം തിരുവനന്തപുരം, ശ്രീകാര്യത്തുള്ള എനർജി മാനേജ്മെന്റ് സെന്ററിൽ നിന്നും നേരിട്ടോ തപാലിലോ ലഭിയ്ക്കുന്നതാണ്. ഏത് വിഭാഗത്തിനുള്ള ഫോറമാണ് വേണ്ടതെന്ന് കത്തിൽ സൂചിപ്പിച്ചിരിയ്ക്കണം. അപേക്ഷാഫോറം www.keralaenergy.gov.in എന്ന വെബ്സൈറ്റിലും ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷകൾ 2019 ഒക്ടോബർ 11 നകം ഡയറക്ടർ, എനർജി മാനേജ്മെന്റ് സെന്റർ, ശ്രീകൃഷ്ണ നഗർ, ശ്രീകാര്യം.പി.ഒ, തിരുവനന്തപുരം 695017 (ഫോൺ : 0471 2594922, ഇ-മെയിൽ : ecawardsemc@gmail.com) എന്ന വിലാസത്തിലാണ് അയയ്ക്കേണ്ടത്. കൂടുതൽ വിവരങ്ങൾക്കും ഈ വിലാസത്തിൽ ബന്ധപ്പെടുക.